## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2105 — 05.05.2017 ന് മറുപടിയ്ക്ക്.

## ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ ? | (എ) &(ബി) ജാനകിക്കാട് ഇക്കോ ടൂറിസം നിലവിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. വൈവിദ്ധ്യമാർന്ന സസ്യജാലങ്ങളും, പക്ഷികളും, ചിത്രശലഭങ്ങളും ഇവിടത്തെ പ്രത്യേകതകളാണ്. ഇവിടെയെത്തുന്ന സഞ്ചാരികൾ ചവർമതി നദിയുടെ കുളിർമയുള്ള ജലം ആവോളം ആസ്വദിക്കാറുണ്ട്. സഞ്ചാരികളുടെ മറ്റൊരു ആകർഷണീയത ഇവിടെയുള്ള പുരാതന ക്ഷേത്രമാണ്. കൂടാതെ വനത്തിലൂടെയുള്ള ട്രക്കിംഗ് സഞ്ചാരികൾക്ക് ഒരു നവ്യാനുഭവം പ്രദാനം ചെയ്യുന്നു. ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സഞ്ചാരികൾക്കായി ഇവിടെ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ